# ACADEMIC MASTER PLAN

# GLPS: KOZHIPPARA

# 2025-2026.

G.L.P.S.
Date..........
Pin-678 557
KOZHIPPARA

C. Dhinakaran
C. DHINAKARAN
HEADMASTER
GOVT. L.P. SCHOOL(21303)
KOZHIPPARA- 678 557
PEN: 670970
Mob: 9809865424

# ആമുഖം.

2010 ഏപ്രിൽ ഒന്നിന് വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്ന 6 മുതൽ 14 വരെയുള്ള കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് ആവിഷ്കരിച്ചതാണ് RTE Act. ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന് മാതാപിതാക്കൾക്കു മാത്രമല്ല അധ്യാപകർക്കും പൊതു സമൂഹത്തിനും സർവ്വോപരി ഗവൺമെന്റിനും നിയമ പ്രകാരമുള്ള ചുമതലയുണ്ട് എന്ന് നിയമം അനുശാസിക്കുന്നു. സ്ത്രീ വിദ്യാഭ്യാസം കൂടുതൽ പരിപോഷിപ്പിക്കാനും ബാലവേല നിരുത്സാഹപ്പെടുത്താനുമുള്ള ധീരമായ ചുവടുവെപ്പാണ് ഈ നിയമം. ഇതിനായി ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21 A ഭേദഗതി ചെയ്തു.

രാജ്യമാകമാനം നടന്നു വരുന്ന സംരംഭത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് രാജ്യത്തെ നയിക്കാൻ ഈ വിദ്യാലയവും അധ്യാപകരും പ്രതിജ്ഞാബദ്ധരാണ്. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെയും, ഈ പ്രദേശത്തിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ സംസ്കാരത്തെ ഉയർത്തി പിടിക്കാൻ ശ്രമിക്കും.

# ചരിത്രം.

പാലക്കാട്ടു ജില്ലയുടെ കിഴക്കൻ മേഖലയിൽ പൊതുവിദ്യാഭ്യാസ രംഗത്തു തനതായ മുദ്രപതിപ്പിക്കാൻ സാധിച്ചിട്ടുള്ള ചുരുക്കം വിദ്യാലയങ്ങളിൽ Govt. LPS. കോഴിപ്പാറ മുൻപന്തിയിൽ

നിൽക്കുന്നു. ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ പ്രശസ്തരായ വിദ്യാർത്ഥികളിൽ പലരും രാഷ്ട്രത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നു.

ഏകദേശം 1915-ൽ കോഴിപ്പാറയിൽ നാലാംതരം വരെ ഒരു സ്കൂൾ സർക്കാർ തലത്തിൽ തുടങ്ങി. അക്കാലത്ത് വിദ്യാഭ്യാസപരമായി വളരെ പിന്നിലായിരുന്ന ഈ പ്രദേശത്ത് ഒരു സർക്കാർ സ്കൂളിനു വേണ്ടി സ്വപ്നം കണ്ടുകൊണ്ടിരുന്ന സമയത്ത് സ്വന്തമായി ഭൂമി കിട്ടിയാൽ സ്കൂൾ തുടങ്ങാമെന്നു സർക്കാർ നിർദ്ദേശിച്ചു. അപ്പോഴാണ് നല്ലൂരിൽ നിന്നും ശ്രീ. അച്യുത മുതലാളിയാണ് ഫ്രീ സറണ്ടറായി ഭൂമി നൽകിയത്. ആദ്യം എൽ.പി യും പിന്നീട് യു.പി.യുമായി. അത് ഹൈസ്കൂളായി ഉയർത്തിയപ്പോൾ സ്ഥലം മതിയാകാതെ വന്നപ്പോൾ വീണ്ടും ശ്രീ. അച്യുതസ്വാമി സ്ഥലം ഫ്രീ സറണ്ടറായി നൽകി.

ഹൈസ്കൂളായി ഉയർത്തിയപ്പോൾ 1960-1961-ൽ ഒന്നു മുതൽ 4 വരെ ക്ലാസുകൾ എൽ.പി.യായി തിരിക്കേണ്ടി വന്നപ്പോൾ കോഴിപ്പാറയിൽ പാറക്കാരൻ വീട്ടിൽ ദുരൈസ്വാമി എന്ന വ്യക്തി എൽ.പി. സ്കൂളിന് സ്ഥലം ഫ്രീ സറണ്ടറായി നൽകുകയും സർക്കാർ കെട്ടിടം പണിയുകയും ചെയ്തു 15 ക്ലാസ് മുറികൾ ഓഫീസ് ഉൾപ്പെടെ പണി പൂർത്തിയായി.

1960-1961-ൽ ഒന്നുമുതൽ നാലുവരെ ക്ലാസുകൾ ഹൈസ്കൂളിൽ നിന്നും. എൽ.പി. എന്ന പേരിൽ വേർതിരിച്ച്

തുടങ്ങി. തമിഴ് മീഡിയത്തിൽ രണ്ടു ഡിവിഷനുകൾ വീതവും, മലയാളത്തിൽ ഓരോ ഡിവിഷൻ വീതവും ആകെ 12 ക്ലാസുകൾ പ്രവർത്തനം ആരംഭിച്ചു.

എന്നാൽ രാജ്യത്തെ നാടുമെന്ന പോലെ പൊതു വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ കടന്നു കയറ്റം ഈ മേഖലെയും സ്വാധീനിച്ചിരിക്കുന്നു. യാതൊരു സാമൂഹ്യ പ്രതിബദ്ധതയുമില്ലാത്ത മികച്ച ഭൗതിക സൗകര്യം കൊണ്ടു മാത്രം മികച്ചതെന്ന സങ്കല്പം വിധി എഴുതുന്നു. അൺഎയ്ഡഡ് സ്കൂളുകളോടു മത്സരിക്കണമെങ്കിൽ സർക്കാർ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യവും കാലാനുസൃതമായി മെച്ചപ്പെടേണ്ടതുണ്ട്.

# നിലവിലെ അവസ്ഥ

1961-ലാണ് ഈ വിദ്യാലയം സ്ഥാപിതമായത് 1.02 ഏക്കർ വിസ്തൃതിയിൽ ചുറ്റുമതിലോടു കൂടിയ വിദ്യാലയാന്തരീക്ഷം 3 സ്കൂൾ കെട്ടിടങ്ങൾ 2 വാട്ടർ ടാങ്കുകൾ 6 ടോയ്‌ലെറ്റുകൾ, 15 ക്ലാസ് മുറികൾ കുട്ടികളുടെ പാർക്ക് തുടങ്ങിയ സൗകര്യങ്ങൾ സ്കൂളിൽ ലഭ്യമാണ്. കാലപഴക്കത്താൽ തകർന്നു കൊണ്ടിരിക്കുന്ന ഓടുമേഞ്ഞ കെട്ടിടങ്ങളാണ് ഉള്ളത് കുടിവെള്ളത്തിനായി പൊതു പൈപ്പിനെ ആശ്രയിക്കുന്നു. വേനൽ കാലങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടാറുണ്ട്.

കുട്ടികളുടെ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കമ്പ്യൂട്ടർ പഠനം, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം ശ്രദ്ധ, ഗണിത ജയം, ഉല്ലാസഗണിതം, യോഗ, കരാട്ടെ, ദിനാഘോ

ഷീറ്റുകൾ, സ്കൂളിൽ നടത്തുന്നുണ്ട്. സ്മാർട്ട് ക്ലാസ് മുറികൾ, ലാബ്, ലൈബ്രറി സജ്ജീകരണത്തിനുള്ള ഫർണിച്ചറുകൾ വളരെ കുറവാണ്. പൊതു പരിപാടികൾ നടത്തുന്നതിനുള്ള അഭാവം സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം.

അടച്ചുറപ്പുള്ള ക്ലാസ് മുറികളാണ് വിദ്യാലയത്തിനുള്ളത്. ക്ലാസ് മുറികൾ മുഴുവനും നിലം ടൈൽസിട്ടതാണ്. വികസന പാതയിലെത്തിക്കാൻ വടകരപ്പതി പഞ്ചായത്ത് ഭരണ സമിതിയും, നാട്ടുകാരും, പൂർവ്വ വിദ്യാർത്ഥികളും. സഹായ സഹകരണങ്ങൾ നൽകുന്നുണ്ട്. വിഭവ സമൃദ്ധമായ ഉച്ചഭക്ഷണമാണ് വിദ്യാലയത്തിൽ നൽകുന്നത്. ആഴ്ചയിൽ രണ്ടു ദിവസം പാലും, ഒരു ദിവസം മുട്ടയും. നൽകുന്നുണ്ട്. വൈവിധ്യമായ കറികളോട് കൂടിയും വൃത്തിയോടും ചിട്ടയോടും കൂടിയാണ് എല്ലാ കുട്ടികളും ഭക്ഷണം കഴിക്കുന്നത്

അക്കാദമിക തലത്തിൽ മാത്രമല്ല കലാ കായിക പ്രവൃത്തിപരിചയ മേളകളിലും. പങ്കെടുത്ത് വിജയികളാകാൻ സാധിച്ചു. ഓരോ കുട്ടിയുടെയും കഴിവ് കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിന് എല്ലാ അധ്യാപകരും ശ്രമിക്കുന്നുണ്ട്. ഒരു വിദ്യാലയം വികസന വിലയിരുത്തലിൽ പ്രഥമ സ്ഥാനം നൽകേണ്ടത് അക്കാദമിക മികവിന് തന്നെയായിരിക്കണം. എഴുത്തും വായനയും പരിപോഷിപ്പിക്കുന്നതിലൂടെ മാത്രമേ പഠനപുരോഗതി സാധ്യമാകൂ എന്നതിന് വേണ്ടി മലയാളത്തിളക്കം എന്ന പ്രവർത്തനം വിജയകരമായി നടത്തി വരുന്നു.

# സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി എന്നത് കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഒരു സംരംഭമാണ്. അക്കാദമിക മികവ് വർദ്ധിപ്പിക്കുക. മൂല്യനിർണ്ണയ രീതികൾ പരിഷ്കരിക്കുക. സാങ്കേതിക വിദ്യ സൗഹൃദ ക്ലാസ് മുറികൾ ഒരുക്കുക. അധ്യാപക പരിശീലനം എന്നിവയാണ്.

ഈ പദ്ധതിയിലൂടെ ഓരോ ക്ലാസിലെയും കുട്ടികൾക്ക് ഓരോ ക്ലാസിലെ പ്രായത്തിനനുസരിച്ചുള്ള ശേഷികൾ ഉറപ്പുവരുത്താനും അക്കാദമിക മികവ് വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്.

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- മൂല്യനിർണ്ണയ രീതി ശാസ്ത്രം പരിഷ്കരിക്കുന്നു.
- സാങ്കേതിക വിദ്യ സൗഹൃദ ക്ലാസ് റൂം പ്രവർത്തനങ്ങൾ നൽകുന്നു.
- പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ കായിക വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം എന്നിവയെ കുറിച്ചുള്ള പൊതു ധാരണ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ
- നിരന്തര മൂല്യനിർണ്ണയം കാര്യക്ഷമമാക്കുന്നു.

# പദ്ധതി രൂപീകരണ പ്രക്രിയ :-

## മലയാളത്തിളക്കം.

പ്രാഥമിക ക്ലാസുകളിലെ ഭാഷാപഠന നിലവാരം ഉയർത്തുന്നതിനുള്ളതും, എല്ലാ കുട്ടികളും ഭാഷയിലൂടെ മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുന്നതിനുമാണ് ഈ പദ്ധതി തുടർന്നു നടന്ന test-നു മൂല്യനിർണ്ണയത്തിലും വളരെയധികം മാറ്റം ദർശിക്കാൻ കഴിഞ്ഞു.

## വായനാചങ്ങാത്തം.

ഭാവനയുടെയും, സങ്കല്പങ്ങളുടെയും ലോകത്തിലൂടെ വളരെ രസകരമായി കുട്ടികളെ വായനയിലേക്കും എഴുത്തിലേക്കും നയിക്കാൻ രക്ഷകർത്താക്കളെ കൂടി പങ്കാളികളാക്കുന്ന സമഗ്രശിക്ഷ കേരളയുടെ സവിശേഷ സ്വതന്ത്രവായന പരിപോഷണ പദ്ധതിയാണ് വായനാചങ്ങാത്തം. കവിതകളും, കഥകളും കുട്ടികൾക്കു പരിചയപ്പെടുത്തുന്നതിനായി, രസത്തുള്ളികൾ, കുന്നിമണി എന്നിങ്ങനെയുള്ള വായനാ സാമഗ്രികൾ കുട്ടികൾക്കും മാതാപിതാക്കൾക്കും നൽകി. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നു.

## കഥ ചെപ്പ് തുറക്കാം.

അധ്യാപിക എല്ലാ ദിവസവും ഓരോ കഥ പറയുന്നു. കുട്ടികളുടെ ചിന്താശക്തിയും മൂല്യബോധവും വളരും. വായനയുടെ

രസകരമായ അനുഭവം കുട്ടിക്ക് ലഭിക്കാൻ ഇത് കഥാകഥനം വഴിയൊരുക്കും. അധ്യാപിക പറഞ്ഞ കഥ എഴുതി പ്രദർശിപ്പിച്ചാൽ കുട്ടിക്ക് വായിക്കാനും താൽപര്യം ഉണ്ടാകും. തുടർ വായന, ഉച്ചരിച്ച് വായന, തെറ്റി വായന, തുടങ്ങി അനന്തമായ വായനാ സാധ്യതകളും കഥാചെപ്പ് എന്ന പ്രവർത്തനത്തിലൂടെ നടത്താം.

## അസംബ്ലിയിൽ പത്രവായന.

അസംബ്ലിയിൽ പത്രവായന നടത്താനും, പൊതു വിജ്ഞാന ചോദ്യങ്ങൾ അവതരിപ്പിക്കാനും, ചെറിയ കഥകളും, കവിതകളും അവതരിപ്പിക്കാനും അവസരം നൽകുന്നു.

## ക്ലാസ് റൂം ലൈബ്രറി പ്രവർത്തനം

എല്ലാ ആഴ്ചയിലും ഓരോ കുട്ടിക്കും ലൈബ്രറി പുസ്തകം നൽകുന്നു. പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കി അടുത്ത ആഴ്ചയിൽ അവതരിപ്പിക്കണം. ജന്മദിനത്തിലും മറ്റു വിശേഷ അവസരങ്ങളിലും ലൈബ്രറി പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു.

## ഗണിത വിജയം / ഉല്ലാസ ഗണിതം.

ചതുഷ്ക്രിയകൾ പ്രായോഗിക ജീവിതവുമായി ബന്ധിപ്പിച്ച് കുട്ടികൾക്ക് അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുന്നതിനു വേണ്ടി വിവിധ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നല്ല നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടുവരേണ്ടതും നമ്മുടെ കടമയാണ്.

## ലക്ഷ്യം - സംഖ്യാബോധം വളർത്തൽ

* സംഖ്യാ കാർഡ്
* സംഖ്യാ മാലകൾ
* മുത്തുകൾ കോർക്കാം
* കളികൾ ഏണിയും പാമ്പും
* മാന്ത്രിക ചതുരം
* സംഖ്യാ വ്യാഖ്യാനം.
* ആരോഹണം / അവരോഹണം.
* ICT - സാധ്യത.
* സ്ഥാന വില അബാക്കസ്.

## ഗണിത ക്രിയകൾ - സങ്കലനം, വ്യവകലനം

* മുത്തുകൾ, ഈർക്കിൽ, കല്ല്, മഞ്ചാടി ഇവയുടെ കെട്ടുകൾ
* സങ്കലനപ്പാട്ടുകൾ, കഥ.
* കുസൃതി കണക്കുകൾ.
* മാന്ത്രികചതുരം.
* പാറ്റേൺ
* കുറയ്ക്കാം, വരയ്ക്കാം.
* പ്രായോഗിക പ്രശ്നങ്ങൾ
* ചിത്ര പാറ്റേണുകൾ
* പസിലുകൾ
* പഠനോപകരണ നിർമ്മാണം.

# ഗുണനം/ ഹരണം.

* പാറ്റേൺ
* തുല്യമായി വീതിക്കാം.
* ലഘു പ്രായോഗിക പ്രശ്നങ്ങൾ
* ചിത്ര പാറ്റേണുകൾ
* ജോടികളെ കണ്ടെത്താം.
* ICT. സാധ്യത.

# അളവുകൾ.

അളവുകൾ പരിചയപ്പെടുത്തുന്നു, മീറ്റർ, ലിറ്റർ, കിലോഗ്രാം ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു. നിർമ്മിക്കുന്നു.

# സമയം - ക്ലോക്ക് നിർമ്മാണം.

കുട്ടികളിൽ - ശാസ്ത്രാവബോധം വളർത്തുക

ലോകത്തെ പുതിയ രീതിയിൽ കാണുവാൻ കുട്ടിശ്രമിക്കുന്നു വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നു വരുന്ന പഠിതാക്കളുടെ കൈവശമുള്ള അറിവ്, കഴിവ്, താൽപര്യം ഇവ വ്യത്യസ്തമാണ് ഇവയെ വിദ്യാർത്ഥിയുടെ ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കണം ശാസ്ത്രാവബോധം വളർത്തുന്നതിനുതകുന്നതാകണം നമ്മുടെ സ്കൂളും പരിസരവും.

# ലക്ഷ്യങ്ങൾ

ചെടികളുടെ വളർച്ച നിരീക്ഷിക്കൽ, പക്ഷിനിരീക്ഷണം, ലഘു പ്രോജക്ട് etc.... നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ

* . ശാസ്ത്രകൗതുകം വളർത്തുന്ന ലഘുപരീക്ഷണങ്ങൾ, പഠനയാത്രകൾ, ശാസ്ത്രബോർഡ് പ്രദർശിപ്പിക്കൽ, ശാസ്ത്രനാടകങ്ങൾ

ശാസ്ത്രപാട്ട്, ശാസ്ത്രകഥകൾ, ഇവ സംഘടിപ്പിക്കുന്നു.

*. ആരോഗ്യ മാസിക നിർമിക്കുന്നു.

ശാസ്ത്രക്വിസ്, ശാസ്ത്രസിനിമകൾ, സയൻസ്ക്ലബ്ബ്, ശാസ്ത്രദിനങ്ങൾ, ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ, ശാസ്ത്ര നാടകങ്ങൾ, ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ പ്രശസ്തമായ വാക്യങ്ങൾ പെയിന്റിംഗ് കളു പിടിത്തങ്ങൾ എന്നിവ കണ്ടെത്താൻ അവസരം.

# ലാബ് നവീകരണം.

ശാസ്ത്രോപകരണങ്ങൾ കുട്ടികൾ പരിചയപ്പെടുത്തുന്നു ലാബിൽ വച്ചു തന്നെ ലഘുപരീക്ഷണം ചെയ്യാനവസരം ബാലമാസികകൾ, പുസ്തകങ്ങൾ എന്നിവയിൽ നിന്നും ശാസ്ത്രകഥകൾ കണ്ടെത്തി അവതരിപ്പിക്കൽ.

# കലാകായികപ്രവൃത്തിപരിചയപഠനം.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണ് പ്രൈമറി തലത്തിലെ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ഉറപ്പാക്കുന്നതിനാണ്. പാഠ്യപദ്ധതിയിൽ, കലാപഠനം, കായിക പഠനം, പ്രവൃത്തിപരിചയം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ.

സഹകരണ മനോഭാവം ഉണ്ടാകും.

- കൂട്ടായ കായിക പരിശീലനം നടത്തും
- ദിവസനസ്കകൾ അസംബ്ലിയിൽ Mass drill ചെയ്യിപ്പിക്കും.
- നാടൻ കളികളിൽ ഏർപ്പെടാൻ അവസരം സൃഷ്ടിക്കും.
- ക്ലബ് പ്രവർത്തനങ്ങൾ സജ്ജീകരിക്കും
- പ്രവൃത്തി പരിചയ മേള നടത്തും

- ആഴ്ചയിലൊരിക്കൽ സർഗവേള നടത്തും.
- ചിത്ര രചനാ മത്സരം നടത്തും.
- നാടൻ പാട്ട്, അവതരണം, ശേഖരണം.

(2). കുട്ടികളിൽ ദേശീയ ബോധം ഉണ്ടാക്കുന്നു - ദിനാചരണങ്ങൾ

- ദിനാചരണങ്ങൾ നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട് ഓരോ കുട്ടിയും പതിപ്പ് തയ്യാറാക്കുന്നു.
- ICT സാധ്യത ഉപയോഗിക്കുന്നു.
- ചിത്ര ശേഖരണം ദേശീയ നേതാക്കളെ കുറിച്ച് തയ്യാറാക്കൽ

## (3) മൂല്യങ്ങളും മനോഭാവങ്ങളും വളർത്താൻ സഹായിക്കുന്നു.

- ദിവസവും ഡയറി എഴുതിപ്പിക്കുന്നു.
- കേരളത്തിലെ കലാരൂപങ്ങൾ പരിചയപ്പെടാൻ അവസരം
- ജീവചരിത്രങ്ങളും, ആത്മകഥകളും വായന.

## വ്യക്തി വികാസം ഉണ്ടാകുന്നു.

- വിവിധ കലാപരിപാടികൾ നടത്തുന്നതിന് കുട്ടികൾക്ക് അവസരം
- അസംബ്ലിയിൽ കുട്ടികളുടെ കഴിവുകൾ വ്യക്തിപരമായി അവതരിപ്പിക്കുന്നു.
- എല്ലാ വിഷയവുമായി ബന്ധപ്പെട്ട്, ഊഹിക്കാൻ, കണ്ടെത്താൻ തരംതിരിക്കാൻ എന്നിവയ്ക്ക് അവസരം നൽകും.

## കുട്ടിയുടെ ചുറ്റുപാടിൽ നിന്ന് പാരമ്പര്യവും സംസ്കാരവും നിറഞ്ഞ പ്രാഥമിക പഠനം നേടും.

- കുട്ടിയുടെ വ്യക്തിഗത കഴിവിനനുസരിച്ച് കഴിവിനെ മെച്ചപ്പെടുത്തും.
- ഫീൽഡ് ട്രിപ്പ് നടത്തും.

- പഠനയാത്ര സംഘടിപ്പിക്കും.
- കലാരൂപങ്ങളുടെ, ചരിത്രം, സംസ്കാരം, എന്നിവ കണ്ടെത്താൻ അവസരം നൽകുന്നു.

## MY ENGLISH WORLD (MEW)

- Special SRG meeting for English.
- Ensuring my English world to all learners.
- Monitoring the development of each child
- Reading of Extra books.
- Story reading week at home by parents.
- Provision of Story books for home based reading
- Writing Short notes on the books read.

## സചിത്ര പാഠപുസ്തകം.

ഒന്ന് രണ്ട് ക്ലാസുകളിൽ, കുട്ടികളുടെ ഭാഷയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനം.

- ശക്തമായ ദൃശ്യാനുഭവം.
- ക്രാഫ്റ്റ്, ചിത്രരചന.
- കുട്ടികളുടെ സർഗാത്മകതയുടെ വളർച്ച.
- ഓരോ ദിവസവും പുതുമയും വൈവിധ്യവും.
- സ്കെച്ച് ചിട്ടയായ രേഖപ്പെടുത്തൽ ആസ്വാദനം
- വായനയിലേക്കുള്ള സ്വാഭാവിക വരവ്.
- ഒരു ദിവസം വരാത്ത കുട്ടിക്ക് അടുത്ത ദിവസവും ചിന്തിക്കാനും, എഴുതാനും ഉറപ്പാക്കുന്നു.

- വിപുലീകരണ പാഠങ്ങൾക്കു സാധ്യത
- സചിത്ര വായനം സാർവത്രികമായി മാറുന്നു.
- പ്രാഗ് ലേഖന പ്രവർത്തനങ്ങൾ സ്വാഭാവികമായി ഉൾചേർത്തിരിക്കുന്നു.

## ഭാഷാവികസനം - മലയാളം/തമിഴ്

| ലക്ഷ്യം | പ്രവർത്ത പദ്ധതി | സമയം | ചുമതല |
|---|---|---|---|
| വായനാപരിപോഷിപ്പിക്കുന്നതിന് | - വായനാ കാർഡുകൾ<br>- ക്ലാസ് റൂം ലൈബ്രറിനവീകരണം<br>- പത്ര വായന<br>- കഥകൾ, കവിതകൾ<br>- അസംബ്ലി. | June to March. | എല്ലാ അധ്യാപകരും |
| | - വായനാകാർഡ്<br>- സർഗവേള | June to August | SRG. |
| ലേഖനം മെച്ചപ്പെടുത്തുന്നതിന്. | - ക്ലാസ് റൂം ലൈബ്രറി<br>- കഥാച്ചെപ്പ് | Septem to December. | SRG. |
| | - ദിനപത്രങ്ങൾ<br>- ലേഖനപരിശീലന പുസ്തകങ്ങൾ. | January to march. | PTA |

# കലാ - കായികപ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തന പദ്ധതി | സമയം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മക മനോഭാവം ഉണ്ടാകും വ്യക്തിത്വ വികസനം ഉണ്ടാകും | - കൂട്ടായ കായികപരിശീലനം<br>- അസംബ്ലി | June to March | SRG. |
| | - നാടൻ കളികൾ<br>- ക്ലബ് പ്രവർത്തനം.<br>- പ്രവൃത്തി പരിചയമേള<br>- തൊഴിൽ പരിശീലനം. | Septem to Decem | SRG |
| | - സർഗവേള<br>- ചിത്രരചന | January to March | Arts Club. |
| കുട്ടികളിൽ ദേശീയ ബോധം വളർത്തും. മൂല്യങ്ങളും മനോഭാവങ്ങളും വളർത്തും. | - ദിനാചരണങ്ങൾ<br>- ദേശീയ നേതാക്കളുടെ പുസ്തക വായന<br>- ആൽബം തയ്യാറാക്കൽ<br>- പഠനയാത്രകൾ | June to August | SRG. |
| ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കും. | - ഉച്ചഭക്ഷണ വിതരണം.<br>- കായിക വിദ്യാഭ്യാസം. | June to March | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തന പദ്ധതി | സമയം | ചുമതല |
|---|---|---|---|
| ശാസ്ത്രബോധം വളർത്തും. | - ലഘു പരീക്ഷണങ്ങൾ<br>- ലഘു പ്രോജക്ട്<br>- ശാസ്ത്ര കഥകൾ<br>- നാടകങ്ങൾ. | June to January | ശാസ്ത്രക്ലബ് |
| | - പക്ഷി നിരീക്ഷണം<br>- പ്രകൃതി നിരീക്ഷണ കുറിപ്പുകൾ<br>- അഭിമുഖങ്ങൾ<br>- ദിനാചരണങ്ങൾ.<br>- ICT. സാധ്യത. | Septem to December | SRG. |
| | - ശാസ്ത്രക്വിസ് | January to march | Club |

# ഗണിത വിജയം

| ലക്ഷ്യം | പ്രവർത്തന പദ്ധതി | സമയം | ചുമതല |
|---|---|---|---|
| ഗണിത ക്രിയകൾ ചതുഷ്ക്രിയകൾ ഉറപ്പിക്കും. | - മുത്ത്, കല്ലുകൾ, മഞ്ചാടി<br>- ഇന്റർലോക്ക് കട്ടകൾ<br>- കളികൾ<br>- പാട്ടുകൾ | June to August | SRG. |
| സങ്കലനം വ്യവകലനം ഗുണനം ഹരണം. | - ക്യുസിനെയർ റോഡുകൾ<br>- പാറ്റേൺ<br>- മാന്ത്രിക ചതുരം.<br>- പഠനോപകരണനിർമ്മാണം<br>- പ്രായോഗിക പ്രശ്നം<br>- സംഖ്യാ ചാർട്ടുകൾ<br>- ഗണിത കേളികൾ | January To march. | SRG. എല്ലാ അധ്യാപകരും. |

# ഗണിതവിജയം

| ലക്ഷ്യം | പ്രവർത്തന പദ്ധതി | സമയം | ചുമതല |
|---|---|---|---|
| | - സംഖ്യാകാർഡ് | June | എല്ലാ അധ്യാപകരും . |
| | - സംഖ്യാ മാലകൾ | to | |
| | - മുത്തുകൾ കോർക്കാം | August | |
| | - ഗണിത കളികൾ | | |
| - സംഖ്യാബോധം | - പസിലുകൾ | | |
| | - മാന്ത്രിക ചതുരം. | | |
| | - സംഖ്യാവ്യാഖ്യാനം . | | |
| | - മാന്ത്രിക ചതുരം | | |
| | - ICT . സാധ്യത | Septemper | |
| | - ആരോഹണം | to | ഗണിതക്ലബ് |
| | - അവരോഹണം . | December | |
| | - സ്ഥാന വില | | |
| | - അബാക്കസ് . | | |

# IMPROVE ENGLISH LANGUAGE.

| Aim | Activities | Time | Support |
|---|---|---|---|
| Childre would Speaks English. | - English Assembly<br>- skit drama.<br>- Role play. | June to August | All teachers |
| Would Create an English | - Conversation<br>- Simple Story<br>- proverbs<br>- picture Stories.<br>- ICT<br>- English Rhymes<br>- English fest | September to December<br><br>January to march | SRG<br><br>PTA |
| Children would read and write English. | - picture Stories<br>- Story Cards.<br>- puzzels. | June to march. | All teachers |
| Would empower vocabulary in Student. | - Riddles<br>- Library<br>- Games ICT<br>- Greeting Cards<br>- Filling a Story<br>- Add more lines.<br>- English Fest. | January to March. | English Club. |

| Aim | Activities | Time | Support |
|---|---|---|---|
| Ability to Creative writing | - Adding more lines.<br>- Complete stories.<br>- Crative story<br>- from stories. | June to march | Class Teacher. |
| Ability to read fluently in English. | - word puzzle<br>- Develope riddiles.<br>- word card<br>- Simple story book<br>- flash cards.<br>- games. | June to march Through Class room Activities | Class teachers |
| Writting with out any error. | - skit<br>- Coversation.<br>- drama.<br>- Theater games. | June to march Class activities | Class teacher |

# Std: IV ഗണിതം

- നാലക്ക സംഖ്യകളുടെ സംഖ്യാബോധം വ്യാഖ്യാനം.
- കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ
- പാറ്റേൺ വിശകലനം
- റോമൻ സംഖ്യ സമ്പ്രദായം പരിചയപ്പെടൽ
- മലയാള അക്കങ്ങൾ പരിചയപ്പെടൽ
- ഗണിത മൂല നിർമ്മാണം
- ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു.
- 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും മാറ്റിയെഴുതുന്നു.
- സമയത്തെ am, pm എന്നിവ ഉപയോഗിച്ച് എഴുതുന്നു.
- പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സമയ ദൈർഘ്യം.
- കലണ്ടർ പരിചയപ്പെടുത്തുന്നു.
- നാലക്ക സംഖ്യകളുടെ സങ്കലനം.
- പുനക്രമീകരണം വരുന്നത് വരാത്തത്
- നാലക്ക സംഖ്യകളുടെ വ്യവകലനം.
- കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ
- കുട്ടികളുടെ സമ്പാദ്യശീലം വളർത്തുന്നതിന്
- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, ചുറ്റളവ് കണ്ടെത്തൽ
- ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ
- ആവർത്തന സങ്കലനമാണ് ഗുണനം.
- സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തുന്നു.
- ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ
- പകുതിയും കാൽഭാഗവും കണ്ടെത്തൽ
- നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ Std: III

## ① മലയാളം.

- നാടൻപാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ലുകൾ ശേഖരണം.
- കഥ ശേഖരം.
- കഥോത്സവം.
- കടങ്കഥ ശേഖരണം.
- കഥാപാത്രങ്ങൾ വേഷവിധാനം
- ക്ലാസ് ലൈബ്രറി.
- നാടക ശില്പശാല
- റോൾ പ്ലേ
- ചലച്ചിത്ര മേള
- അഭിമുഖം
- കൃഷിയിട സന്ദർശനം.
- കൃഷിപ്പാട്ടുകൾ, കൃഷിചൊല്ലുകൾ ശേഖരണം
- അനുഭവ വിവരണം.
- നാടൻ പാട്ട്ശേഖരണം.

## English.

- Games, Action Songs
- Hello English activities.
- Skit Stories.
- Use ICT.
- naming words from the picture
- Use Simple Sentences about picture
- growing Sentences picture Reading.
- Books reading
- Find words
- Collect and read past tense Rhyming words
- make Word Web
- Word Chain
- make Sentences.
- make riddles Conversations
- Add more lines.

## പരിസരപഠനം.

- വ്യക്തിശുചിത്വം, പരിസരശുചിത്വം
- പരിസരത്തെ മലിനീകരണ പ്രശ്നം കണ്ടെത്താം - സർവ്വേ.
- പോസ്റ്റർ തയ്യാറാക്കൽ
- ഫീൽഡ് ട്രിപ്പ്
- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങൾ
- ക്യാമ്പ്
- പക്ഷി നിരീക്ഷണം.